# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6178** **20-11-2019-ൽ മറുപടിക്ക്**

### വനംവകുപ്പിലെ സംരക്ഷണവിഭാഗം ജീവനക്കാർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീമതി. ഇ.എസ്. ബിജിമോൾ** | | **അഡ്വ.കെ.രാജു**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി) |
| (എ) | വനംവകുപ്പിലെ സംരക്ഷണ വിഭാഗം ജീവനക്കാരുടെ ഇരുപത്തിനാല് മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം പുന:ക്രമീകരിച്ച് ഡ്യൂട്ടി ഓഫ് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | വനംവകുപ്പിലെ സംരക്ഷണ വിഭാഗം ജീവനക്കാർക്ക് ഡ്യൂട്ടി സമ്പ്രദായം പുന: ക്രമീകരിച്ച് ഡ്യൂട്ടി ഓഫ് അനുവദിച്ചിട്ടില്ല |
| (ബി) | 10.7.2019 ന് വനം വകുപ്പ് മന്ത്രി യുടെ അധ്യക്ഷതയിൽ കേരള സ്റ്റേറ്റ് ഫോറസ്റ്റ് പ്രൊട്ടക്റ്റീവ് സ്റ്റാഫ് ഓർഗനൈസേഷൻ ഭാരവാഹികളും വനംവകുപ്പ് ഉന്നത ഉദ്യോഗസ്ഥരുമായി ചേർന്ന യോഗത്തിന്റെ തീരുമാനങ്ങളുൾപ്പെടെയുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | ബഹു. വനം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ ഉന്നയിച്ച ഡ്യൂട്ടി ഓഫ് അനുവദിക്കുന്നത്, യൂണിഫോം അലവൻസ് അനുവദിക്കുന്നത്, വാച്ചർമാരുടെ തസ്തിക ഏകീകരിക്കുന്നത്, സ്ഥിരപ്പെടുത്തിയ വാച്ചർമാരുടെ പ്രശ്നങ്ങൾ, ചന്ദനക്കാടുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പ്രശ്നങ്ങൾ, വനം വകുപ്പ് ജീവനക്കാർക്ക് കാന്റീൻ സൗകര്യം ഏർപ്പെടുത്തുന്നത് എന്നീ ആവശ്യങ്ങൾ സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ വനം വകുപ്പ് മേധാവിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത യോഗത്തിന്റെ തീരുമാനങ്ങൾ നടപ്പാക്കുവാൻ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ? | (സി) | യോഗതീരുമാനങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ച പരിശോധന വിവിധ തലങ്ങളിൽ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ